ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

ജൂലായ് 2002

ചരകത്തിലൂടെ

ധാരാകല്പം

ദശമൂലഹരീതകി

പഠനക്കുറിപ്പുകൾ

സംഭാഷണങ്ങൾ

സ്തനവിദ്രധി

ഫൗണ്ടേഷൻ വാർത്തകൾ

സമകാലികം

# പഠനക്കുറിപ്പുകൾ

ഡോ. കെ. മുരളി *

## 1. യാപ്യത

യാപനം ചെയ്യാവുന്നത്, കഴിച്ചു കൂട്ടാവുന്നത്, എന്നാണ് യാപ്യമെന്ന വാക്കിന്റെ അർത്ഥം. ഈ അവസ്ഥയെ യാപ്യത, യാപ്യത്വം എന്നെല്ലാം പറയാം. രോഗം മാറാതെ എന്നാൽ ശമിയ്ക്കാതെ നില്ക്കുന്ന അവസ്ഥ.

നിയതമായ, പൂർവ്വനിർണ്ണിതമായ ആയുസ്സ് ഓരോരുത്തർക്കും ഉണ്ടെന്നാണ് സങ്കല്പം. രോഗമുണ്ടായാൽപോലും, അതെത്ര തീവ്രമായാലും ശരി, ആയുസ്സ് തീർന്നെങ്കിൽ മാത്രമേ മരണത്തെ ഉണ്ടാക്കുകയുള്ളൂ. ഇതാണ് വ്യാധികളുടെ അടിസ്ഥാനകാരണം. അതുകൊണ്ടിവ കർമ്മജങ്ങളാണെന്നും വിശേഷിപ്പിക്കാം. ചികിത്സകൊണ്ട് ഒട്ടൊക്കെ സുഖം തോന്നിയേക്കാമെങ്കിലും രോഗം തീർത്തുമാറുകയില്ല. അല്പമായ അപത്ഥ്യം കൊണ്ട് വർദ്ധിക്കുകയും ചെയ്യും. പതിക്കാറായ വീട് താങ്ങുകളെക്കൊണ്ട് നിലനിർത്തപ്പെടുന്നത് ഒരു ഉപമയായി പറയാം.

ശേഷത്വാദായുഷഃ പഥ്യൈഃ യാപ്യഃ പ്രായോ വിപര്യയൈഃ
ദത്വാ/ല്പം സുഖമല്പേന ഹേതുനാ സ പ്രതന്യതേ
യാതി നാശേഷതാം രോഗഃ കർമ്മജോ നിയതായുഷഃ
പ്രപതന്നിവ വിഷ്ക്കംഭൈർധാര്യതേ/ത്രാതുരോ ഹിതൈഃ

## 2. ഉൽക്ലിഷ്ടാമ ചികിത്സ

രോഗാവസ്ഥയിലെ ലക്ഷണങ്ങളിൽ പലതും, വൈകല്യങ്ങളെ തീർക്കാനുള്ള ശരീരത്തിന്റെശ്രമം കൊണ്ടുണ്ടാകുന്നതാണ്. ദുഷ്ടമായ ദോഷങ്ങളെ ഏതുവിധേനയും പുറത്തു കൊണ്ടുവരാൻ യത്നിക്കുന്നുണ്ട് ദേഹം. ദേഹത്തിലധികം വ്യാപ്തമല്ലാതിരിക്കുക, ധാതുക്കളിൽ ലീന മാകാതിരിക്കുക, എന്നിങ്ങനെയുള്ള സാഹചര്യങ്ങളിൽ ദുഷ്ടമായ ദോഷം, മലായനങ്ങളിലേക്ക് ചലിച്ചെന്ന് വരും. തുടർന്ന് അവിടംവഴി നിഷ്ക്രമിച്ചേക്കാം. ഈ അവസ്ഥ കൃത്യമായി തിരിച്ചറിയേണ്ടതുണ്ട്. കാരണം ഈ അവസരത്തിൽ ദോഷപ്രവൃത്തിയെ ഔഷധാദികളെക്കൊണ്ട് സ്തംഭിപ്പിക്കുന്നത്, വ്യാപത്കരമാണ്. ആ ലക്ഷണം ശമിച്ചാലും മറ്റു ലക്ഷണങ്ങളോടുകൂടി രോഗം തുടരും. അതുകൊണ്ട് ഉപേക്ഷയാണ് ഇവിടെ ചികിത്സ. ഉപേക്ഷ എന്നതിന് പ്രധാനലക്ഷണത്തെ ചികിത്സാകാര്യത്തിൽ അവഗണിക്കണം എന്നാണ് അർത്ഥം. അല്ലാതെ രോഗിയെ, രോഗത്തെ അവഗണിക്കണം എന്നല്ല. ഈ സമയത്തും പഥ്യമായ ആഹാരവിഹാരങ്ങൾ അനുഷ്ഠിക്കണം. ഉപദ്രവങ്ങൾക്കോ, മറ്റു ശല്യം ചെയ്യുന്ന ലക്ഷണത്തിനോ ലഘുവായി ചികിത്സിക്കുന്നതിനും വിരോധമില്ല.

ഈ അവസ്ഥയെ കൃത്യമായി തിരിച്ചറിയേണ്ടതുണ്ടെന്ന് നേരത്തേ പറഞ്ഞല്ലോ. ഇതെങ്ങിനെ സാധിക്കും? ഇക്കാര്യത്തിൽ പ്രഥമവും പ്രധാനവും ആമലക്ഷണങ്ങളാണ്. സ്രോതോരോധാദി ലക്ഷണങ്ങളിൽ എല്ലാം കണ്ടുകൊള്ളണമെന്നില്ല. ഉദാഹരണം സ്രോതോരോധം തന്നെ. ചിലപ്പോൾ ഈ ആമലക്ഷണം മൂലം ദോഷപ്രവൃത്തി തടയപ്പെട്ടാൽ ശോധനൗഷധം കൊണ്ട് ആ തടസ്സം മാറ്റുക തന്നെ വേണം. ഒപ്പം പാചനൗഷധവും നല്കുന്നത് ആമഹരമാകുന്നു. ആമജ്വരത്തിലും മറ്റും പറയുന്ന അഗ്ലാനി ശ്രദ്ധേയമായൊരു ലക്ഷണമാണ്. സാമമായ ദോഷം സ്രവിച്ച്, നിരാമമായ അവസ്ഥ കൈവന്നുചേർന്നതിന് ശേഷവും അതിപ്രവൃത്തി തുടർന്നു നില്ക്കുമ്പോഴാണ് ധാതുക്ഷയവും തുടർന്ന് ഗ്ലാനി, മൂർഛ തുടങ്ങിയ ലക്ഷണങ്ങളും ആവിർഭവിക്കുന്നത്.

നിരാമമായാൽ സാധാരണഗതിയിൽ രോഗം തനിയെ ശമിക്കും. ഇല്ലെങ്കിൽ സ്തംഭനം ചെയ്യാം. ഈ കാരണങ്ങളെക്കൊണ്ടാണ് അവസ്ഥ കൃത്യമായി അറിയണം എന്ന് പറയുന്നത്.

ഉൽക്ലിഷ്ടാനധ ഊർദ്ധ്വം വാ ന ചാമാൻ വഹതഃ സ്വയം/
ധാരയേദൗഷധൈഃ ദോഷാൻ വിധൃതാസ്തേ ഹി രോഗദാഃ//
പ്രവൃത്താൻ പ്രാഗതോ ദോഷാനുപേക്ഷേത ഹിതാശിനഃ/
വിബദ്ധാൻ പാചനൈസ്തൈസ്തൈഃ പാചയേന്നിർഹരേത വാ//

## 3. വികല്പ സംപ്രാപ്തി

വിശേഷിച്ചറിയുന്നതാണ് വികല്പം. സംപ്രാപ്തിയുടെ ഒരു ഭേദമായ ഇത് രോഗപ്രക്രിയയെ അപഗ്രഥിച്ചറിയുന്നതിനാണ്. അംശാംശകല്പന എന്ന് വികല്പസംപ്രാപ്തി തീർച്ചപ്പെട്ടിരിക്കുന്നു. സംപ്രാപ്തിയുടെ ഓരോരോ അംശത്തേയും വേറിട്ടറിയുന്നത് എന്നർത്ഥം.

നൈകദോഷസ്തതോ രോഗഃ - ഒരു ദോഷംകൊണ്ടുമാത്രമായി രോഗമൊന്നുമുണ്ടാകുന്നില്ല. വിളക്കിലെ നാളവും തിരിയും എണ്ണയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ദുഷ്ടിയും അതുപോലെ ബാധിക്കുമല്ലോ. പിന്നെ വാതികം, പൈത്തികം എന്നെല്ലാം പറയുന്നത്, 'വ്യപദേശസ്തു ഭൂയസാ' എന്ന ന്യായത്തിലാണ്. ചികിത്സയിലും ഇത് പ്രസക്തമാണ്. ഒരു ദോഷത്തെ മാത്രം ലാക്കാക്കി ഔഷധം നിശ്ചയിച്ചാൽ ചികിത്സ പാളും. അതുകൊണ്ടാണ് 'ശേഷദോഷാവിരോധതഃ' എന്ന് പ്രധാനമല്ലാത്ത, അനുബന്ധമായി മാത്രം കോപിച്ച, ദോഷങ്ങൾക്ക് വിരുദ്ധമാകാതെ വേണം ചികിത്സ ചെയ്യാൻ എന്ന നിർദ്ദേശം. ശുദ്ധചികിത്സ എന്ന പരാമർശവും ശ്രദ്ധിക്കുക. ഈ രീതിയിൽ ചികിത്സ നടത്തണമെങ്കിൽ അതനുസരിച്ച് രോഗത്തെ അറിഞ്ഞേ മതിയാകൂ. ഇതിനാണ് വികല്പസംപ്രാപ്തി.

ഏറ്റവുമധികം കോപിച്ച ദോഷമേത്, മറ്റു രണ്ടു ദോഷങ്ങളിൽ കൂടുതൽ കോപിച്ച ദോഷമേത്, അല്പമാത്രം കോപത്തോടുകൂടിയ ദോഷമേത് എന്നിങ്ങനെ ഓരോരോ രോഗത്തിലും മൂന്ന് ദോഷങ്ങളെ വൃദ്ധതമം വൃദ്ധതരം വൃദ്ധം എന്ന വിശേഷണത്തോടെ നിരീക്ഷിക്കാം. ഇത് ഔഷധനിരൂപണത്തിലും പ്രസക്തമാക്കാം. ഇതാണ് അംശാംശകല്പന. കൂടാതെ, കോപിച്ച ദോഷത്തിൽത്തന്നെ വികല്പമാകാം. വാതമാണ് കോപിച്ചതെങ്കിൽ

രൂക്ഷഗുണമാണോ ശീതഗുണമാണോ ലഘുഗുണമാണോ എന്ന് വിശേഷജ്ഞാനമാകാം. വിപരീതമായ ആഹാരവിഹാരങ്ങൾ നിശ്ചയിക്കാൻ ഇത് സഹായകമാകുമല്ലോ.

ദോഷാണാം സമവേതാനാം വികല്പോഽംശാംശകല്പനാ

## 4. രിഷ്ടാഭാസം

രിഷ്ടമെന്നാൽ മരണലക്ഷണമാണ്. ഈ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടാൽ നിശ്ചയമായും മരിച്ചിരിക്കും. നിർവചനം ഇവിടെ കർക്കശമാണ്. മരണം സംഭവിച്ചില്ലെങ്കിൽ അത് രിഷ്ടമല്ല എന്ന് പറയേണ്ടിവരും. രിഷ്ടം പോലെത്തന്നെ തോന്നുന്ന ഈ ലക്ഷണങ്ങളെ രിഷ്ടാഭാസമെന്ന് വിളിയ്ക്കാം. എന്തുകൊണ്ട് രിഷ്ടാഭാസം?

ഇക്കാര്യത്തിൽ ഒന്നുരണ്ട് അഭിപ്രായങ്ങളുണ്ട്.

ധാരാളമായി കണ്ട് അനുഭവമാക്കിയെടുക്കേണ്ട ഒന്നാണ് രിഷ്ടജ്ഞാനം. അതുകൊണ്ട് രിഷ്ടമാണ് എന്ന് നിശ്ചയിച്ചിട്ട് രോഗി മരിച്ചില്ലെങ്കിൽ അത് വൈദ്യന് നിരീക്ഷണപാടവം കുറവാണ് എന്ന് സൂചിപ്പിക്കുന്നു. മറ്റു ചില ചികിത്സകർ പറയുന്നത്, സ്ഥായി, അസ്ഥായി എന്ന് രണ്ടുതരത്തിൽ മരണലക്ഷണങ്ങൾ വരാമെന്നാണ്- സ്ഥിരമായതും താല്ക്കാലികമായതും. അതിൽ സ്ഥായിയായത് മരണത്തെത്തന്നെ സൂചിപ്പിക്കുന്നു. അസ്ഥായിയായത് കുറച്ച് നേരത്തിനുള്ളിൽ, ദിവസത്തിനുള്ളിൽ തന്നെ ശമിപ്പിക്കുന്നു. ഇത് രിഷ്ടമല്ല, രിഷ്ടം പോലെ തോന്നിക്കുന്നതാണ്. ഇതാണ് രിഷ്ടാഭാസം. ദോഷദുഷ്ടിയുടെ തീവ്രത കൊണ്ടാണ് ഇങ്ങിനെ വരുന്നത്. അതു ശമിക്കുമ്പോൾ രിഷ്ടാഭാസവും മാറുന്നു.

രത്നാദി സദസദ്ജ്ഞാനം ന ശാസ്ത്രാദേവ ജായതേ- എന്ന കാര്യം ഏറ്റവും പ്രസക്തമാകുന്നുണ്ട്, രിഷ്ടത്തിന്റെ കാര്യത്തിൽ. രോഗവുമായി ബന്ധപ്പെട്ടും അല്ലാതെയും ശരീരത്തിൽ രിഷ്ടലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്.

അരിഷ്ടേ രിഷ്ടവിജ്ഞാനം ന ച രിഷ്ടേഽപ്യനൈപുണാത്
കേചിത്തു തദ്വിധേത്യാഹുഃ സ്ഥായ്യസ്ഥായിവിഭേദതഃ
ദോഷാണാമപി ബാഹുല്യാദ്രിഷ്ടാഭാസഃ സമുദ്ഭവേത്
സ ദോഷാണാം ശമേ ശാമ്യേത് സ്ഥായ്യവശ്യം തു മൃത്യവേ//

## 5. വ്യാധ്യാവസ്ഥ

ഭേഷജയോഗകൃത്തായ കാലം - ഔഷധപ്രയോഗവുമായി ബന്ധപ്പെട്ട കാല (സമയം, സന്ദർഭം)ത്തെ രണ്ടായി തിരിച്ചിരിക്കുന്നു. ക്ഷണാദികാലം നിമിഷം (സെക്കന്റ്) മുതൽ സംവത്സരം (വർഷം) വരെ നീളുന്ന സാക്ഷാൽകാലമാണ്. വ്യാധ്യവസ്ഥാകാലം രോഗത്തിന്റെ വിവിധഘട്ടങ്ങളാണ്. ഔഷധം ഏതെന്ന് തീരുമാനിക്കുന്നതിൽ ഒരു മുഖ്യഘടകം തന്നെയാണത്.

ജീവശരീരമെന്നത് ചലനാത്മകമായ ഒന്നായതുകൊണ്ട് രോഗവും ജഡമായ, നിയതമായ ഒരു അവസ്ഥയല്ല. അതും ചലനാത്മകം തന്നെ. അതുകൊണ്ട് സംപ്രാപ്തിയെ രോഗപ്രക്രിയ (disease process) എന്ന് വിശേഷിപ്പിയ്ക്കാം. പ്രക്രിയയാകുമ്പോൾ അതിനെ ഘട്ടങ്ങളായി സങ്കല്പിക്കുന്നത് വളരെ സൗകര്യപ്രദമാകും. അതുകൊണ്ട് ചയം, പ്രകോപം എന്നിങ്ങനെ ആറ് ഘട്ടങ്ങളായി സംപ്രാപ്തിയെ കാണാം. രോഗം പൂർണ്ണരൂപത്തിൽ വ്യക്തമാകുന്ന ഘട്ടമായതുകൊണ്ടാണ് അഞ്ചാമത്തേതിന് വ്യക്തിയെന്ന പേര് വന്നത്. ഭേദമെന്ന ആറാം ഘട്ടം ഉപദ്രവങ്ങളുടെയും തുടർന്നു അസാധ്യലക്ഷണങ്ങളുടേയും പിന്നെ രിഷ്ടലക്ഷണങ്ങളുടേയും സാന്നിധ്യം കൊണ്ട് ശ്രദ്ധേയമാണ്. ഈ അവസ്ഥ ചികിത്സയ്ക്ക് അത്രകണ്ട് വിധേയമല്ല. അതുകൊണ്ട് വ്യക്തമായി പറഞ്ഞാൽ വ്യക്തിയ്ക്കും ഭേദത്തിനുമിടയിലാണ്, ഭേഷജയോഗകൃത്തായ കാലം.

അഗ്നി, സ്രോതസ്സ്, ദൂഷ്യങ്ങൾ, ദോഷങ്ങൾ എന്നിവയുടെയെല്ലാം അവസ്ഥ രോഗകാലത്തുടനീളം ഒരേപോലെയല്ല. കാലം അല്ലെങ്കിൽ രോഗപ്രക്രിയ, ചികിത്സ തുടങ്ങിയവ അവയിൽ പല മാറ്റം വരുത്തുന്നുണ്ട്. ഈ ദേഹസ്ഥിതികൾക്കനുസരിച്ച് വേണം ഔഷധം നിശ്ചയിക്കാൻ.

വ്യാധ്യവസ്ഥകൾ ഓരോ രോഗത്തിനും കുറച്ചൊക്കെ വ്യത്യസ്തമായ രീതിയിൽ സങ്കല്പനം ചെയ്യപ്പെട്ടിരിക്കുന്നു. എങ്കിലും ജ്വരം മാതൃകയാക്കാവുന്നതാണ്. വാതശോണിതത്തിൽ ഉത്താനം, ഗംഭീരം എന്നിങ്ങനെയാണ് പ്രകടമാകുന്നത്. വേഗാവസ്ഥയും വേഗാന്തരങ്ങളും അപസ്മാരം, അപതാനകം തുടങ്ങിയവയിൽ വരുന്നു. കുഷ്ഠത്തിൽ ഓരോ ധാതുവിനെയും ആശ്രയിച്ചുള്ള ഘട്ടങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്.

ഓരോ രോഗത്തിലും അധികമധികം വ്യാധ്യവസ്ഥകൾ വ്യവച്ഛേദിച്ചറിയുന്നതും അതനുസരിച്ച് ചികിത്സ വിശേഷപ്പെടുത്തുന്നതുമാണ് വൈദ്യപാടവം. 'വ്യാധിവസ്ഥാവിഭാഗജ്ഞഃ പശ്യന്നാർത്താൻ പ്രതിക്ഷണം'

തൃശ്ശൂർ ജില്ലയിലെ ആയുർവേദചികിത്സകരുടെ
സഹകരണ സംഘം

# ആമ്പിക് ഫാർമസി ലിമിറ്റഡ്

R-204

ചാലക്കുടി, തൃശ്ശൂർ - 680307

Ph: 0488 - 703093

**ഭരണസമിതി അംഗങ്ങൾ**

| | |
|---|---|
| ഡോ. പി. സരസിജാക്ഷൻ | പ്രസിഡണ്ട് |
| ശ്രീ. ടി.ടി. ലൂയിസ് വൈദ്യൻ | വൈസ് പ്രസിഡണ്ട് |
| ശ്രീ. എം.എ. അരവിന്ദാക്ഷമേനോൻ | ബോർഡ് അംഗം |
| ഡോ. കെ.വി. അയ്യപ്പൻ | " |
| ഡോ. എം. പ്രസാദ് | " |
| ഡോ. കെ. മഹേഷ് മേനോൻ | " |
| ഡോ. ലിൻഡാ മേനോൻ | " |
| ശ്രീ. എ. കരുണാകരൻ | സെക്രട്ടറി |

ഔഷധനിർമാണരംഗത്ത് കാൽനൂറ്റാണ്ടായി പ്രവർത്തിക്കുന്ന
ജില്ലയിലെ ഏക സഹകരണസ്ഥാപനം.

## 6. സ്വതന്ത്രവ്യാധി

രോഗങ്ങളെ സ്വതന്ത്രം, പരതന്ത്രം എന്ന് രണ്ടായി തിരിച്ചിരിക്കുന്നു. പരതന്ത്രരോഗങ്ങൾ മറ്റു രോഗങ്ങളെ ആശ്രയിച്ചുവരുന്നവയാണ്. സ്വതന്ത്രങ്ങൾ കൃത്യമായി നിർണ്ണയിക്കപ്പെട്ട നിദാനമുള്ളവയാണ്. ലക്ഷണങ്ങളും സ്പഷ്ടങ്ങളായിരിക്കും. ഈ കാരണങ്ങൾ കൊണ്ട് ചികിത്സ വ്യക്തവും താരതമ്യേന അനായാസവുമായിരിക്കും.

ഇതൊന്നുമല്ല പരതന്ത്രരോഗങ്ങളുടെ കാര്യം. സ്വതന്ത്രങ്ങളുടെ നിദാനങ്ങൾ തന്നെയാണ് അവയ്ക്കും. ലക്ഷണങ്ങളാണെങ്കിൽ മറ്റേ രോഗത്തിന്റേതിനോട് ഇടകലർന്നായതിനാൽ സ്പഷ്ടമായിരിക്കില്ല. ചികിത്സയോ, പരതന്ത്രങ്ങൾക്ക് സ്വന്തമായിട്ടില്ല. സ്വതന്ത്രങ്ങളുടെ ചികിത്സകൊണ്ടു തന്നെ അവ ശമിയ്ക്കുന്നു. ഇല്ലെങ്കിലേ വേറെ ആലോചിക്കേണ്ടൂ. സംപ്രാപ്തിഭേദത്തിൽ പ്രാധാന്യമെന്നതു: പരിഗണിച്ചിട്ടുണ്ട്.

യഥാസ്വജന്മോപശയാഃ സ്വതന്ത്രാഃ സ്പഷ്ടലക്ഷണാഃ
വിപരീതാസ്തതോഽന്യേ ച-

## 7. സ്രോതസ്സുകൾ, സംപ്രാപ്തിയിൽ

ദോഷങ്ങളാൽ ദുഷിപ്പിക്കപ്പെടുന്നു എന്നതുകൊണ്ട് സ്രോതസ്സുകളും ദൂഷ്യങ്ങൾ തന്നെയാണ്. സംപ്രാപ്തിയുടെ പ്രധാനപ്പെട്ട, ഒരു പക്ഷേ നിർണ്ണായകമായ, ഒരു ഘടകമാണ് സ്രോതസ്സുകൾ. ദൂഷ്യമെന്ന നിലയിൽ ദോഷദുഷ്ടിക്ക് അനുബന്ധമായി സ്രോതോദുഷ്ടിയുണ്ടാകുന്നുണ്ട്. പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന ധാതുക്കളുടെ സ്ഥാനമാണല്ലോ സ്രോതസ്സുകൾ.

പ്രസരമെന്ന സംപ്രാപ്തിഘട്ടം ദുഷ്ടങ്ങളായ ദോഷങ്ങളുടെ ദേഹമെങ്ങുമുള്ള വ്യാപ്തികൊണ്ട് ശ്രദ്ധേയമാണ്. ഈ വ്യാപ്തി സ്രോതസ്സുകൾ വഴിയാണ്. അങ്ങിനെ രോഗങ്ങൾ അശേഷകായപ്രസൃതങ്ങളായിത്തീരുന്നു. ദോഷങ്ങൾ ദുഷ്ടങ്ങളായാൽ ഏത് സ്രോതസ്സുവഴിയും വ്യാപിക്കും. ധാതുക്കളെപ്പോലെ നിയതസ്രോതസ്സുകളല്ല, ദോഷങ്ങൾ. സ്ഥാനസംശ്രയവും സ്രോതോവൈകല്യത്തെ ആശ്രയിച്ചാകുന്നു. ഖഃ വൈഗുണ്യമുള്ളിടത്താണ് ദോഷം സ്ഥാനംപിടിക്കുക. വൈഗുണ്യത്തിന്റെ രീതികളും (രോധം, സംഗം, ഗ്രന്ഥി) ഇവിടെ പ്രസക്തമാണ്.

SIDHESWARA DRUGS

ശാസ്ത്രീയ ആയുർവേദചികിത്സയ്ക്കു സഹായകമാകുവാൻ
സൂക്ഷ്മതയോടെ നിർമ്മിച്ച രസൗഷധങ്ങൾക്ക്

**തങ്കഭസ്മമുൾപ്പെടെ എല്ലാഭസ്മസിന്ദൂരങ്ങളും നിർമ്മിച്ചു വിതരണം നടത്തുന്നു. അവ ഡിസ്പെൻസിംങ്ങ് രൂപത്തിലും ലഭ്യമാണ്.**

**ചില പ്രധാന മരുന്നുകൾ**

**കൂപിപക്വരസായനങ്ങൾ**

| | |
|---|---|
| സിദ്ധമകരധ്വജം | 50 mg x 10 packs |
| സ്വർണ്ണവംഗം | 150 mg x 10 packs |
| രസമാണിക്യം | 20 mg x 10 packs |
| രസസിന്ദൂരം (സമഗുണബലിജാരിതം) | 75 mg x 10 packs |

**ഖല്വീരസായനങ്ങൾ**
(ടാബ് രൂപത്തിൽ)

ആരോഗ്യവർദ്ധിനീരസം
ആമവാതാരിരസം
ചന്ദ്രപ്രഭാവടി
ശിര: ശൂലാദിവജ്രരസം.
ശ്വാസാനന്ദം ഗുളിക.

എല്ലാ ജില്ലകളിലും വിതരണക്കാരെ ആവശ്യമുണ്ട്

*ബന്ധപ്പെടേണ്ട വിലാസം:*

**ഡോ. ശശികുമാർ നെച്ചിയിൽ, എം.ഡി. (ആയു.)**
സിദ്ധേശ്വര ഡ്രഗ്സ്, കാറൽമണ്ണ പി.ഒ. പാലക്കാട് - 679 506.
ഫോൺ : 0492-682240

"QUALITY AND EFFICIENCY IS ANOTHER NAME OF THATHA"

ആയുർവേദ ഔഷധനിർമ്മാണരംഗത്ത് ആവശ്യമായ എല്ലാവിധ മെഷീനറികളുടെ നിർമ്മാണത്തിലും വിൽപനയിലും, വിൽപനാനന്തര സേവനത്തിലും വിശ്വസ്തതയും ഉത്തരവാദിത്വവും നിലനിർത്തി പോരുന്ന 18 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള സ്ഥാപനം.

അന്വേഷണങ്ങൾക്ക് ബന്ധപ്പെടുക:

**താത എഞ്ചിനീയറിങ്ങ് വർക്സ്**

(കെയ്കോ കാനിങ്ങ് ഇൻഡസ്ട്രീസിനു സമീപം)
VI/175 വളർക്കാവ്, അഞ്ചേരി പി.ഒ., തൃശൂർ 680006

Ph: 0487-428395(O)441439(R)
Fax : 91-0487-442002

*With best compliments from*



**AMBA**
**PHARMACY**

**Urakam Post**
**Thrissur - 680562**
**Ph: 342338, 342443, 346338.**

ഇങ്ങിനെ സ്രോതസ്സ് സംപ്രാപ്തിയിലെ നിർണ്ണായകഘടകമായിരിക്കുന്നു.

i. പ്രതിരോഗമിതി ക്രുദ്ധാഃ രോഗാധിഷ്ഠാനഗാമിനീഃ
രസായനീഃ പ്രപദ്യാശു ദോഷാ ദേഹേ വികുർവതേ
ii. പ്രദുഷ്ടാനാം ഹി ദോഷാണാമുച്ഛ്രിതാനാം പ്രധാവതാം
ധ്രുവമുന്മാർഗ്ഗഗമനമതഃ സർവവഹാഃ സ്മൃതാഃ
iii. കുപിതാനാം ഹി ദോഷാണാം ശരീരേ പരിധാവതാം
യത്ര സംഗഃ ഖഃവൈഗുണ്യാത് വ്യാധിസ്തത്രോപജായതേ//

## 8. പ്രത്യാത്മികലിംഗം

ഒരു രോഗത്തിന്റെ സ്വന്തം എന്ന് പറയാവുന്ന ലക്ഷണമാണ്, പ്രത്യാത്മികലിംഗം. രോഗത്തിന്റെ നിർണ്ണയത്തിന് ഏറ്റവും സഹായകവും അത് തന്നെ. അനുബന്ധമായി കാണുന്ന ലക്ഷണങ്ങളെല്ലാം രോഗത്തിന്റെ ദോഷഭേതം അവസ്ഥാഭേദം തുടങ്ങിയവയെ സൂചിപ്പിക്കുന്നു.

സംപ്രാപ്തിയുടെ വ്യക്തി എന്ന ഘട്ടം, വാസ്തവത്തിൽ രോഗം വ്യക്തമാകുന്ന ഘട്ടം തന്നെയാണല്ലോ. ഈ സമയത്താണ് പ്രത്യാത്മിക ലക്ഷണവും പ്രകടമാകുന്നത്. ഇതിന് മുമ്പുവരെ ആവിർഭവിക്കുന്നതെല്ലാം കൃത്യമായിപ്പറഞ്ഞാൽ പൂർവ്വരൂപങ്ങളാണ്. ഒരു നിശ്ചിതമായ സംപ്രാപ്തിയുടെ വ്യക്തമായ ആവിഷ്ക്കാരമാണ് പ്രത്യാത്മികലിംഗം. ഉദാഹരണത്തിന് 'ആമാശയം പ്രവിശ്യാമമനുബന്ധ്യ...'എന്ന സംപ്രാപ്തിയുടെ പ്രകടനമാണ് ദേഹസന്താപമെന്നത്.

ഒറ്റ ലക്ഷണം തന്നെയാവണം പ്രത്യാത്മികലിംഗം എന്ന് പറയുക വയ്യ. രാജയക്ഷ്മാവിലും മറ്റും ഒരു ലക്ഷണസമുച്ചയമാണ് ഇത്.

## 9. ഉപശയം

ഉപശയം എന്ന വാക്കിന് സുഖം തരുന്നത് എന്നർത്ഥം. രോഗാവസ്ഥയിൽ (ദോഷവൈഷമ്യത്തെ മാറ്റി) സുഖം തരുന്ന ഔഷധം, ആഹാരം, വിഹാരം എന്നിവയുടെ ഉപയോഗമാണ് ഉപശയം. സുഖം എന്ന് പറഞ്ഞാൽ താല്ക്കാലികമായ സുഖമല്ല. സ്ഥായിയായ സുഖമാണ്. സാമജ്വരമുള്ളവന് തൈര് കഴിക്കുന്നത് അപ്പോൾ സുഖത്തെ നല്കിയേക്കും. എന്നാൽ പിന്നീട് അതായിരിക്കില്ല സ്ഥിതി. അതുകൊണ്ടാണ് ദോഷവൈഷമ്യത്തെ മാറ്റികൊണ്ട് സുഖത്തെ

നല്കുന്നത് എന്ന് പറഞ്ഞത്.

ആഹാരം, വിഹാരം, ഔഷധം എന്നിവ മാത്രമല്ല, ദേശം, കാലം എന്നിവയും ഉപശയചിന്തയിലുപയോഗിക്കാം. വ്യാധിസാത്മ്യം എന്ന് ഉപശയത്തിന് പര്യായമുണ്ട്. കാരണം സ്വസ്ഥാവസ്ഥയിലെ സാത്മ്യത്തിന് ചിലപ്പോൾ വ്യതിയാനങ്ങൾ വന്നേയ്ക്കാം രോഗാവസ്ഥയിൽ. ദോഷത്തിന് വിപരീതമായ ഗുണങ്ങളുള്ള ആഹാരവിഹാരങ്ങളിൽ താല്പര്യമുണ്ടാകുക, സ്വാഭാവികം.

ലക്ഷണം വ്യക്തമല്ലാതിരിക്കുമ്പോഴാണ് ഉപശയം ഒരു രോഗപരീക്ഷയാകുന്നതെങ്കിലും പലപ്പോഴും പ്രശ്നപരീക്ഷകൊണ്ട് നിരവധി ഉപശയാനുപശയാനുഭവങ്ങൾ കണ്ടെത്താൻ കഴിയും. ആയത് രോഗദോഷനിർണ്ണയത്തിലും ഔഷധനിരൂപണത്തിലും പ്രയോജനപ്പെടുത്താനുമാകും. ശോഫം, തമകശ്വാസം പോലുള്ള പല രോഗങ്ങളിലും ഉപശയാനുപശയങ്ങൾ ലക്ഷണങ്ങളോടൊപ്പം പരാമർശിക്കപ്പെട്ടിരിക്കുന്നു.

---

* റീഡർ, ഗവ. ആയു. കോളേജ്,
തൃപ്പൂണിത്തുറ

Bipha
since 1929

- Seven decades of committed service to Ayurveda.
- Pioneers of Ayurvedic tablet manufacturing in Kerala.
- Manufacturers of over 50 patented and 250 Ethical Ayurvedic formulations.
- Product backed by decades of safe and proven use.
- State of the art manufacturing and analytical facilities.

**Bipha Drug Laboratories**
P.B. No. 30, Kottayam - 686 001
T ++91 - 481 - 563797
F ++91 - 481 -566447
E info@bipha.com
W www.bipha.com

REGISTERED WITH THE REGISTRAR OF NEWS PAPERS FOR INDIA
RNI No : KERMAL 10686/11/1/2002-TC

ISO 9001 Registered KPMG The Quality Advantage

# Curing body, the way mind desires...

**TREATMENTS FOR**

**ORTHOPAEDIC**
**RHEUMATIC**
**NEUROLOGICAL &**
**SPORTS INJURIES**

SREERANGOM™
C.V.N. KALARI
CHIKILSAKENDRAM

a traditional ayurvedic kalari hospital
( ISO 9001 Registered )

## ശ്രീരംഗം സി. വി. എൻ. കളരി ചികിത്സാകേന്ദ്രം

ചമ്പക്കര

ശ്രീരംഗം റോഡ്, കോട്ടയം, കേരളാ - 686 540.

ഫോൺ : 486114, 486115 (Hosp.) 485214 (Fax)
E-mail : sreerangom@satyam.net.in,

www.sreerangomayur.com

ഈ സ്ഥാപനത്തിന്റെ കീഴിൽ മറ്റ് ബ്രാഞ്ചുകളോ ഏജൻസികളോ പ്രവർത്തിക്കുന്നില്ല.

EXIUM KTM